**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1937** **16.06.2014-ൽ മറുപടിയ്ക്ക്**

## എലത്തൂർ മൾട്ടി സ്പോർട്സ് കളിസ്ഥലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.കെ.ശശീന്ദ്രൻ** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | സ്മൈൽ (സ്പോർട്സ് മിനിസ്റ്റേഴ്സ് ഇൻഫ്രാസ്ട്രക്ചറൽ ലീപ് ടു എക്സലൻസ്) പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിലെ പെരുന്തുരുത്തിയിൽ നിർമ്മിക്കുന്ന മൾട്ടി സ്പോർട്സ് കളിസ്ഥലത്തിന്റെ പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) | കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിലെ പെരുന്തുരുത്തിയിൽ നിർമ്മിക്കുന്ന മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സിന്റെ പ്രവൃത്തി 2014 ജനുവരി മാസത്തിൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ കളിസ്ഥലം നിർമ്മിക്കാൻ ആദ്യം നിർദ്ദേശിക്കപ്പെട്ട സ്ഥലം സാങ്കേതിക കാരണങ്ങളാൽ അനുയോജ്യമല്ലെന്നു കണ്ടെത്തി പര്യാപ്തമായ മറ്റൊരിടത്തേക്ക് മാറ്റിയിരുന്നു. പ്രതികൂല കാലാവസ്ഥ കാരണം പ്രവൃത്തി മുൻ ഉദ്ദേശിച്ച പ്രകാരം പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. നിർമ്മാണം ഈ മാസം തന്നെ ആരംഭിക്കാനായി കൺസൾട്ടന്റായ കിറ്റ്കോ ലിമിറ്റഡിനും, കരാർ ഏറ്റെടുത്ത കമ്പനിയ്ക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മുപ്പത്തി അഞ്ചാം ദേശീയ ഗെയിംസിനു മുന്നോടിയായി കളിസ്ഥലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ബി) | ഈ കളിസ്ഥലം 35-ാമത് ദേശീയ ഗെയിംസിനായി നിശ്ചയിച്ചിട്ടുള്ള വേദിയല്ല. എങ്കിലും ഗെയിംസിന് മുന്നോടിയായി ഈ സ്റ്റേഡിയത്തിലെ നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**